പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 242 — 18.06.2019-ൽ മറുപടിക്ക്

## സമ്പാദ്യ സമാശ്വാസ ധനസഹായ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ<br>,, എൻ. വിജയൻ പിള്ള<br>,, എം. രാജഗോപാലൻ<br>,, വി. അബ്ദുറഹിമാൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിലില്ലാതാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ ധനസഹായ പദ്ധതി പ്രകാരം നൽകിവരുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; എത്ര തുക കുടിശ്ശികയായിട്ടുണ്ട്; | (എ) | ഉണ്ട്; മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 2016-17 മുതൽ 2700/- രൂപയിൽ നിന്നും 4500/- രൂപയായി വർദ്ധിപ്പിച്ചിട്ടു ണ്ട്. 2014-15 മുതൽ ഈ പദ്ധതിയിൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 9304.25 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കാനുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കാനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (ബി) | മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷക്കായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. ഭവന നിർമ്മാണ പദ്ധതികൾ.<br>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>4. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ.<br>5.മത്സ്യത്തൊഴിലാളി /അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി.<br>6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.<br>7. മത്സ്യഫെഡ് വഴിയുള്ള പലിശരഹിത വായ്പാപദ്ധതി.<br>8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| സി) | തീരദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസരംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത വിദ്യാർത്ഥികൾക്ക് എസ്.സി /എസ്.റ്റി വിദ്യാർത്ഥികളുടേതിന് സമാനമായ തോതിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന അതെ നിരക്കിൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന അവരുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**